**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 347** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നവകേരള സദസിന്റെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് നൽകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച രേഖയുടെ പകർപ്പ് നൽകുമോ; | (എ) | 01/11/2023 തീയതിയിലെ സ.ഉ.(സാധാ) നം.2144/2023/എൽ എസ് ജി ഡി നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഭരണ സമിതികൾക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അധികാരമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുൻസിപ്പാലിറ്റി ആക്റ്റ്, ആക്റ്റിൻ കീഴിൽ ഇറക്കിയിട്ടുള്ള ചട്ടങ്ങൾ. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയ്ക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഭരണ സമിതികൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. |
| (സി) | പ്രസ്തുത ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് സെക്രട്ടറിമാർക്കുള്ള അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുൻസിപ്പാലിറ്റി ആക്റ്റ്, ആക്റ്റിൻ കീഴിൽ ഇറക്കിയിട്ടുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിൽ പ്രതിപാദിക്കുന്ന അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സെക്രട്ടറിക്ക് നിർവ്വഹിക്കാവുന്നതാണ്. |
| (ഡി) | ഭരണ സമിതിയുടെ അംഗീകാരം ഇല്ലാതെ ഫണ്ട് വിനിയോഗിക്കുവാൻ സെക്രട്ടറിമാർക്ക് സാധ്യമാണോ; ആണെങ്കിൽ ഇത് സംബന്ധിച്ച ചട്ടം ഏതാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 2011- ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 34 ഉപചട്ടം 3 പ്രകാരം ആക്റ്റിന്റെ 213ാം വകുപ്പിന്റെ 2 എ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നിർബന്ധിതവും അനിവാര്യവുമായ പണം നൽകലുകളും സർക്കാർ ഉത്തരവാകുന്ന മറ്റ് പണം നൽകലുകളും പഞ്ചായത്ത് പ്രസിഡന്റ് അധികൃതമാക്കിയാലും ഇല്ലെങ്കിലും പഞ്ചായത്ത് സെക്രട്ടറി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | ഭരണ സമിതിയുടെ അംഗീകാരം ഇല്ലാതെ ഫണ്ട് വിനിയോഗം നടത്തിയതിന് ഈ സർക്കാരിന്റെ കാലയളവിൽ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കെതിരെ നടപടി | (ഇ) | 20.07.2019 മുതൽ 14.07.2023 കാലയളവിൽ നെടുങ്കണ്ടം പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായും ധനവിനിയോഗ മാനദണ്ഡങ്ങൾ പാലിക്കാതെയും ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെ ഫണ്ട് വിനിയോഗം |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | നടത്തിയതിന് നെടുങ്കണ്ടം പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.2144/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സ് - പരിപാടി നടത്തിപ്പിലേക്കാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2144/2023/LSGD തീയതി,തിരുവനന്തപുരം, 01-11-2023

---

പരാമർശം:- 27/10/2023-ലെ സ.ഉ(സാധാ).നം.4887/2023/പൊ.ഭ.വ. നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

2023 നവംബർ 18 മുതൽ ഡിസംബർ 24 വരെ നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനാവശ്യമായ ചെലവ് വഹിക്കുന്നതിനു ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവിടാനുള്ള യഥേഷ്ടാനുമതി തദ്ദേശ സ്വയംഭരണ വകുപ്പ് നൽകേണ്ടതാണെന്നു പരാമർശ ഉത്തരവ് പ്രകാരം നിർദേശിച്ചിരുന്നു.

നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനും പ്രചാരണത്തിനുമായി അതത് സംഘാടകസമിതി ആവശ്യപ്പെടുന്ന മുറയ്ക്ക് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് 50000/-(അമ്പതിനായിരം)രൂപ വരെയും മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 1,00,000/-(ഒരുലക്ഷം )രൂപ വരെയും കോർപ്പറേഷനുകൾക്ക് 2,00,000/-(രണ്ടു ലക്ഷം )രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്ക് 3,00,000/-(മൂന്ന് ലക്ഷം)രൂപ വരെയും തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു അതത് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി / സെക്രട്ടറിമാർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശമോ, ഭാഗമോ ഉൾപ്പെടുന്ന ഏതു നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിനു വേണ്ടിയും മേൽ പറഞ്ഞ പ്രകാരം പരിധി കവിയാതെ തുക വിനിയോഗിക്കാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾ/ ബ്ലോക്ക് പഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ/നഗരസഭകൾ/കോർപ്പറേഷനുകൾ(പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി, തിരുവനന്തപുരം മുഖേന))
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ.ഉ.(സാധാ) നം.2144/2023/LSGD

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.)

പൊതുഭരണ (ഏകോപന )വകുപ്പ്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (Web & New media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു മുഖ്യമന്ത്രിയുടെ പി എസ്സിന്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

ത.സ്വ.ഭ. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്

ത.സ്വ.ഭ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.